പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 3403

19/10/2016-ൽ മറുപടിയ്ക്ക്

<u>പാലിന്റെ ഉല്പാദനവും വിതരണവും</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.എം.കെ.മുനീർ<br>ശ്രീ. അബ്ദുൽ ഹമീദ് .പി<br>ശ്രീ. എം. ഉമ്മർ<br>ശ്രീ.പി.കെ അബ്ദു റബ്ബ് | | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പാലിന്റെ ഉല്പാദനം, വിതരണം എന്നിവ തമ്മിലെ അന്തരം എത്രത്തോളമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | ഏകദേശം 10.3 ലക്ഷം ലിറ്റർ |
| (ബി) | എങ്കിൽ ഉല്പാദനത്തിലെ കുറവ് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | (ബി) | സംസ്ഥാനത്ത് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക് ഷെഡ് ഡെവലപ് മെന്റ് പ്രോഗ്രാം, ഇന്റഗ്രേറ്റഡ് ഡെയറി ഡെവലപ് മെന്റ് പ്രോഗ്രാം, ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, പാൽഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി, ആവശ്യാധിഷ്ഠിത ധനസഹായം എന്നീ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. കൂടാതെ ക്ഷീര കർഷക ക്ഷേമനിധി യുടെ പെൻഷൻ, കുടുംബപെൻഷൻ, അവശതാ പെൻഷൻ, ചികിത്സ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം എന്നിവ നൽകി വരുന്നു. |

| | | | |
|---|---|---|---|
| (സി) | വിതരണ സംവിധാനം കാര്യക്ഷമമാക്കാനും ഗുണമേന്മ ഉറപ്പുവരുത്താനും എന്തൊക്കെ പരിഷ്കാരങ്ങളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ക്ഷീരകർഷകർ ഉൽപാദിപ്പിക്കുന്ന പാൽ ഗുണമേന്മ ഉറപ്പുവരുത്തി ക്ഷീരസഹകരണ സംഘങ്ങളിൽ സംഭരിക്കുന്നു. പ്രാദേശിക വില്പനക്കുശേഷമുള്ള പാൽ പൂർണ്ണമായും മേഖലായൂണിയനുകളുടെ ഡയറികൾക്ക് നൽകുന്നു. കൂടാതെ അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന പാൽ പരിശോധിക്കുന്നതിന് നിലവിൽ സ്ഥിരം സംവിധാനങ്ങൾ ഇല്ല. എന്നാൽ ഓണക്കാലത്ത് ചെക്ക് പോസ്റ്റുകളിൽ താത്കാലിക സംവിധാനം ഏർപ്പെടുത്തി പരിശോധിച്ച് ഉറപ്പു വരുത്തുന്നുണ്ട്. മാർക്കറ്റ് സാമ്പിളുകൾ ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ഗുണ നിയന്ത്രണ വിഭാഗം പരിശോധന നടത്തി ഗുണമേന്മ ഉറപ്പുവരുത്തുന്നുണ്ട്. ഉപഭോക്താക്കൾക്ക് അവരുടെ പാലി ന്റെ ഗുണനിലവാരം പരിശോധിക്കുന്ന തിനുള്ള സംവിധാനവും നിലവിലുണ്ട്. മിൽമയുടെ പ്ലാന്റുകളിൽ താഴ്ന്ന ഊഷ്മാവിൽ സൂക്ഷിക്കേണ്ട ഉൽപ്പന്നങ്ങൾ വിതരണത്തിനു മുമ്പായി സൂക്ഷിക്കാനാവശ്യമായ കോൾഡ് സ്റ്റോറുകളും ഡീപ്പ് ഫ്രീസറുകളും സ്ഥാപിച്ചിട്ടുണ്ട്. അതോടൊപ്പം ഉൽപ്പന്നങ്ങളുടെ പുതുമയും ഗുണമേന്മയും നഷ്ടപ്പെടാതെ വിപണിയിൽ ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ എത്തിക്കുന്നതിനുള്ള സുസജ്ജവും വിപുലവുമായ വിതരണ ശൃംഖല മിൽമയ്ക്കുണ്ട്. ഉപഭോക്താക്കൾക്ക് ആവശ്യാനുസരണം പാൽ എത്തിക്കുന്നതിന് രണ്ട് സമയങ്ങളിൽ മിക്ക ഡയറികളും വിതരണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പം തന്നെ ഗുണമേന്മയിലുണ്ടാകുന്ന കുറവ് ഇല്ലാതാക്കുന്ന ഇൻസുലേറ്റഡ് വാഹനങ്ങൾ ഉപയോഗിച്ച് വിതരണം നടത്തുന്നു. ഏജൻറുമാർക്ക് പഫ് ബോക്സ്, ഫ്രീസറുകൾ മുതലായവ നൽകി കോൾഡ് ചെയിൻ ഉറപ്പു വരുത്താൻ മേഖലാ യൂണിയനുകൾ ശ്രമം നടത്തി വരുന്നുണ്ട്. ഡയറികളിൽ നിന്നും വളരെ അകലങ്ങളിൽ സ്ഥിതി ചെയ്യുന്ന |

വിപണികളെ ഉദ്ദേശിച്ച് മാർക്കറ്റിംഗ് ഹബ്ബുകളും കോൾഡ് സ്റ്റോർ ഡിപ്പോകളും ആരംഭിച്ച് ഊഷ്മാവ് നഷ്ടപ്പെടാതെ പാൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ